KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.249/PR/PIC/PHQ/18 Date:02.10.2018

---

**പോലീസിന്റെ പുതിയ വാഹനങ്ങൾ**
**മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ളാഗ് ഓഫ് ചെയ്തു**

സബ്ബ് ഡിവിഷണൽ ഓഫീസർമാരുടെ ഉപയോഗത്തിനായി സംസ്ഥാന പോലീസ് വാങ്ങിയ 60 വാഹനങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ളാഗ് ഓഫ് ചെയ്തു. പേരൂർക്കട എസ് എ പി പരേഡ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ വാഹനങ്ങളുടെ താക്കോൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ മുഖ്യമന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി.

പോലീസ്സേനയിൽ വേഗത്തിൽ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ആധുനിക വാഹനങ്ങൾ ലഭ്യമാക്കേണ്ടത് അത്യാവശ്യമാണെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും പെട്ടെന്നുതന്നെ എത്തുന്നതിന് വാഹനസൗകര്യം ഒഴിച്ചുകൂടാനാവാത്തതാണ്. ഈ സാഹചര്യത്തിലാണ് 2018-19 ലെ സംസ്ഥാന പദ്ധതി വിഹിതം ചെലവഴിച്ച് 60 വാഹനങ്ങൾ സേന സ്വന്തമാക്കിയത്. കൺട്രോൾ റൂമുകളുടെ ആവശ്യത്തിനായി 70 വാഹനങ്ങളും വിവിധ പോലീസ് സ്റ്റേഷനുകൾക്കായി 150 ബൊലേറോ വാഹനങ്ങളും മലയോര മേഖലകളിലെ ഉപയോഗത്തിനായി ഫോർവീൽ ഡ്രൈവ് സംവിധാനമുള്ള 20 വാഹനങ്ങളും ഈ മാസംതന്നെ സേനയുടെ ഭാഗമാകും. പഴയ വാഹനങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് ഉപയോഗിക്കാനും നടപടി സ്വീകരിച്ചുവരുന്നു. ഇതോടെ പോലീസ് സേനയിൽ വാഹന ദൗർലഭ്യം പൂർണ്ണമായും പരിഹരിക്കാനാവുമെന്ന് അദ്ദേഹം അറിയിച്ചു. മൂന്നുകോടി 92 ലക്ഷം രൂപ ചെലവിലാണ് 60 വാഹനങ്ങൾ വാങ്ങിയത്.

ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ സ്വാഗതവും എ ഡി ജി പി ആനന്തകൃഷ്ണൻ നന്ദിയും പറഞ്ഞു. മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ :** സബ്ബ് ഡിവിഷണൽ ഓഫീസർമാരുടെ ഉപയോഗത്തിനായി വാങ്ങിയ പോലീസ് വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ സമീപം.


POLICE